(ബി) മാലിന്യനിക്ഷേപം തടയുന്നതിന് റോഡ് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വനമേഖലയിൽ വരുന്ന പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലും സുരക്ഷാവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ റോഡ് നവീകരണ പ്രവൃത്തിയിൽ വനമേഖലയിൽ വരുന്ന റോഡിന്റെ ഇരുവശങ്ങളിലും സുരക്ഷാവേലി സ്ഥാപിക്കുന്ന പണി നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പൊതുമരാമത്ത് റോഡുകളിലെ പൈപ്പ് ലൈനുകൾ**

52(4062) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജലജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് അഞ്ചുവർഷം ഗ്യാരണ്ടിയുള്ള ബി.എം.&ബി.സി. റോഡുകളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം റോഡുകൾ മുറിക്കുന്നതിനും നന്നാക്കുന്നതിനുമുള്ള ഉത്തരവാദിത്തം കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിൽ കെ.എസ്.ഇ.ബി.എൽ., കേരള വാട്ടർ അതോറിറ്റി എന്നിവ അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികളെല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേന നിബന്ധനകൾ പാലിച്ചാണ് നൽകിവരുന്നത്. സർക്കാർ വലിയ തുക ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കുന്ന പദ്ധതി ചുരുങ്ങിയ കാലയളവിനുള്ളിൽ മറ്റ് വകുപ്പുകളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിക്കാൻ അനുമതി നൽകുന്നത് വാഹന ഗതാഗതത്തിന് തടസ്സമാവുകയും അപകടങ്ങൾമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതിനാൽ ഡി.എൽ.പി. നിലനിൽക്കുന്ന റോഡുകൾക്ക് ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ മാത്രം നിലവിലെ ഡി.എൽ.പി. കാലയളവിലേയ്ക്കുള്ള സെക്യൂരിറ്റി തുക, റെസ്റ്റോറേഷൻ ചാർജ് എന്നിവ ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് ഈടാക്കി റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകാറുണ്ട്. ഈ വിഷയത്തിൽ യൂട്ടിലിറ്റി ഡിപ്പാർട്ടുമെന്റുകൾ ചുരുങ്ങിയത് അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തേയ്ക്കെങ്കിലും പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും റോഡ് പ്രവൃത്തി തുടങ്ങുന്നതിന് മുമ്പുതന്നെ അനുമതി വാങ്ങി പൂർത്തീകരിക്കുകയും ചെയ്താൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കുഴിക്കുന്നത് ബന്ധപ്പെട്ട ഏജൻസികളാണ്. യൂട്ടിലിറ്റികൾ സ്ഥാപിച്ചശേഷം താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും തുടർന്ന് പൊതുമരാമത്ത് വകുപ്പ് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടെണ്ടർ വിളിച്ച് റെസ്റ്റോറേഷൻ പ്രവൃത്തികൾ ക്രമീകരിച്ച് കരാറുകാരെക്കൊണ്ട് പൂർത്തിയാക്കുകയുമാണ് ചെയ്തുവരുന്നത്.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ പൈപ്പിട്ട സ്ഥലങ്ങളിൽ ഇത്തരം റോഡുകളിൽ ഇന്റർകണക്ഷൻ നൽകാൻ സാധിക്കാത്ത കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇത്തരം ആവശ്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലെ റോഡുകളുടെ അവസ്ഥ, വാഹന ഗതാഗതത്തിനുള്ള സൗകര്യം, അപകട സാദ്ധ്യത തുടങ്ങിയവ കണക്കിലെടുത്ത് അനുമതികൾ മാനദണ്ഡങ്ങൾക്കനുസൃതമായി നൽകാറുണ്ട്. മൺസൂൺ കാലത്ത് റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകാറില്ല.

(ഡി) ഇക്കാര്യത്തിൽ ഒരു പൊതുമാനദണ്ഡം സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള അനുമതികൾ പൊതുമാനദണ്ഡം അനുസരിച്ചാണ് നൽകിവരുന്നത്.

**റബ്ബറൈസ്ഡ് റോഡുകൾ**

53(4063) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ?